ഗവ. യു. പി. എസ്. പുതിച്ചൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# "മുന്നേറ്"

# ഗവ.യു .പി.എസ് .പുതിച്ചൽ


## പ്ലാവിള , താന്നിമൂട് പി.ഒ

e-mail : puthichalgups@gmail.com


അക്കാഡമിക മാസ്റ്റർ പ്ലാൻ 2025

# മുന്നേറ്റം

**മികവിന്റെ കേന്ദ്രം...........നന്മയുള്ള വിദ്യാലയം**

"**നിങ്ങളുടെ പ്രവർത്തികൾ നിങ്ങൾ** നിർണയിക്കുന്നത് **പോലെ**
നിങ്ങളുടെ പ്രവർത്തികൾ **നിങ്ങളെയും നിർണയിക്കുന്നു** "

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ മധ്യഭാഗത്ത് അതിയന്നൂർ പഞ്ചായത്തിലെ അതിയന്നൂർവില്ലേജിലെ ശാലീന സുന്ദരമായ പുതിച്ചലിലാണ് മികവിന്റെ കേന്ദ്രമായ ഗവൺമെന്റ് യുപി സ്കൂൾ പതിച്ചൽ അറിവിന്റെ കിടാവിളക്കായി സ്ഥിതിചെയ്യുന്നത്. പ്രീ പ്രൈമറി മുതൽ ഏഴ് വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നത് 1.65ഏക്കറിൽ സ്ഥിതി ചെയ്യുന്ന വാർപ്പ്, ഓടിട്ടത് , ഷീറ്റിട്ടതുമായ ക്ലാസ് മുറികളിൽ ആണ് .പുതിയ ഇരുനില മന്ദിരത്തിന്റെ ഉദ്ഘാടനം സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് ഉണ്ടാകും. ഹെഡ്മിസ്ട്രസും ഒരു OA യും PTCM 24 അധ്യാപകരും മൂന്ന് ബസ് ഡ്രൈവർമാരും ആയ മൂന്ന് ആയമാരും പാചകത്തൊഴിലാളിയും ജോലി ചെയ്യുന്നു , ഈ സ്കൂളിൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി മൂന്നു സ്കൂൾ വാഹനങ്ങൾ ഉണ്ട് 450 വിദ്യാർത്ഥികൾ ഈ അധ്യായന വർഷം പഠനം നടത്തുന്നു നാലു പ്രൈമറി ടീച്ചർമാരും മൂന്ന് ആയമാരും അടങ്ങിയ മെച്ചപ്പെട്ട പ്രൈമറിയും നിലവിൽ ഉണ്ട്. സ്റ്റാർസ് പദ്ധതി അനുവദിച്ച പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കുള്ള വർണ്ണ കൂടാരം നിർമ്മാണം പുരോഗമിക്കുന്നു.

സിസിടിവി നിരീക്ഷണത്തിലുള്ള സ്കൂൾപരിസരവും ഇന്റർലോക്ക് ചെയ്ത മുറ്റവും മികച്ച പഠനാന്തരീക്ഷവും സ്കൂളിലെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നു ജൈവവൈവിധ്യ പാർക്ക് , സീഡ് ക്ലബ്, 4S ക്ലബ് , സ്കൗട്ട് ആൻഡ് ഗൈഡ്, ഒ ആർ സി, ജെ ആർ സി തുടങ്ങി വിവിധ ക്ലബ്ബുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു, കുട്ടികളുടെ സർഗ്ഗവാസനകൾ മെച്ചപ്പെടുത്താൻ സാധ്യമായ എല്ലാ പരിശ്രമങ്ങളും ആധുനിക കാലത്തിന് യോജിച്ച രീതിയിൽ ഐസിടി പരിശീലനവും പ്രീ പ്രൈമറി മുതൽ നടന്നുവരുന്നു, വർണ്ണകൂടാരം പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന സ്കൂൾ പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ സർവോന്മുഖ വികസനത്തിന് ഉതകുന്നതാണ്.

ഹൈസ്കൂളായി മാറപ്പെടേണ്ട സ്കൂളിനെ അതിലേക്ക് എത്തിക്കുവാനുള്ള ചിട്ടയായ പരിശ്രമം നടന്നുവരുന്ന ഈ പഠനകേന്ദ്രം , ആപ്തവാക്യം പോലെ മികവിന്റെ കേന്ദ്രമായി നന്മയുള്ള വിദ്യാലയമായി നിലകൊള്ളുന്നു .

ഗവ. യു. പി. സ്കൂൾ, പുത്തിച്ചൽ
ഉച്ചാവിള, താന്നിമൂട് പി.ഒ - 695123
Ph : 0471- 2406216
e-mail- puthichalgups@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

# "മുന്നേറ്റം"

മികവിന്റെ കേന്ദ്രം ..... നന്മയുള്ള വിദ്യാലയം

"നിങ്ങളുടെ പ്രവൃത്തികൾ നിങ്ങൾ നിർണ്ണയിക്കുന്നതു പോലെ നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളെയും നിർണ്ണയിക്കുന്നു."

DATE PAGE

# ഉള്ളടക്കം

ആമുഖം - 3
സ്കൂൾ പ്രൊഫൈൽ - 5
സ്കൂൾ ചരിത്രം - 7
നേട്ടങ്ങൾ - 9
വിഷൻ 2025-26 - 10
പൊതുലക്ഷ്യങ്ങൾ - 16
നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ : 20
പദ്ധതികൾ
(ഭൗതികം, അക്കാദമികം : 22
അക്കാദമിക പ്രവർത്തനങ്ങൾ : 26
പ്രവർത്തന കലണ്ടർ : 65
ഉപസംഹാരം : 81

RAMSONS

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ മധ്യഭാഗത്ത് അതിയന്നൂർ പഞ്ചായത്തിലെ അതിയന്നൂർ വില്ലേജിലെ ശാലീനസുന്ദരമായ പുതുച്ചലിലാണ് ദിക്കിന്റെ കേന്ദ്രമായ ഗവ. യു. പി സ്കൂൾ, പുതിച്ചൽ അറിവിന്റെ കെടാവിളക്കായി സ്ഥിതിചെയ്യുന്നത്. ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നത് 1.65 ഏക്കറിൽ സ്ഥിതിചെയ്യുന്ന വാർപ്പ്, ഓടിട്ടത്, ഷീറ്റിട്ടതുമായ ക്ലാസ്മുറികളിലാണ്. ഇരുനില വാർപ്പ് കെട്ടിടത്തിന്റെ ഉദ്ഘാടനം സ്കൂൾ തുറന്നാലുടൻ ഉണ്ടാകും. ഹെഡ്മിസ്ട്രസും ഒരു ഓഫീസ് അറ്റൻഡന്റും 24 അധ്യാപകരും 3 ബസ് ഡ്രൈവർമാരും 4 ആയമാരും ജോലി ചെയ്യുന്ന ഈ സ്കൂളിൽ 3 സ്കൂൾ വാഹനങ്ങൾ ഉണ്ട്. 439 വിദ്യാർത്ഥികൾ ഈ അധ്യയന വർഷം പഠനം നടത്തുന്നു. 4 പ്രീപ്രൈമറി ടീച്ചർമാരും 3 ആയമാരും മെച്ചപ്പെട്ട പ്രീപ്രൈമറിയും നിലവിൽ ഉണ്ട്.

CCTV നിരീക്ഷണത്തിലുള്ള സ്കൂൾ പരിസരവും ഇന്റർ ലോക്ക് പതിച്ച മുറ്റവും മികച്ച പഠനാന്തരീക്ഷവും സ്കൂളിന്റെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നു. ജൈവ വൈവിധ്യ പാർക്ക്, സീഡ് ക്ലബ്ബ്, 4S ക്ലബ്ബ്, സ്കൗട്ട് ആന്റ് ഗൈഡ്, മറ്റു ക്ലബ്ബുകൾ എന്നിവ മികച്ച രീതിയിൽ നടന്നുവരുന്നു. കുട്ടികളുടെ സർഗവാസന മെച്ചപ്പെടുത്താൻ സാധ്യമായ എല്ലാ പരിശ്രമങ്ങളും നടന്നുവരുന്നു. ആധുനിക കാലത്തിന്

RAMSONS

DATE PAGE

യോജിച്ച രീതിയിൽ ICT പരിശീലനം പ്രീപ്രൈമറി മുതൽ നടന്നുവരുന്നു. വർണ്ണക്കൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂൾ പ്രീപ്രൈമറി വിദ്യാർത്ഥികളുടെ സർവ്വോന്മുഖ വികസനത്തിന് ഉതകുന്നതാണ്.

ഒരു ഹൈസ്കൂളായി മാറ്റപ്പെടേണ്ട സ്കൂളിനെ അതിലേക്ക് എത്തിക്കാനുള്ള ചിട്ടയായ പരിശ്രമവും നടക്കുന്ന സ്കൂൾ, ആരോഗ്യം പോലെ നാടിന്റെ കേന്ദ്രമായി, നന്മയുള്ള വിദ്യാലയമായി നിലകൊള്ളുന്നു.

# SCHOOL PROFILE

| | |
|---|---|
| Name of School | : Govt UPS, Puthichal |
| Date of establishment | : 1857 |
| Name of Village | : Athiyanoor |
| Name of Panchayat | : Athiyanoor |
| Name of BRC | : Balaramapuram |
| Name of District | : Thiruvananthapuram |
| Name of Sub District | : Balaramapuram |
| School Code | : 44245 |
| School Address | : Puthichal, Plavila, Thannimoodu P.O |
| Contact No. | : 0471 - 2406216 |
| e-mail | : puthichalgups@gmail.com |
| Name of HM | : Radhika G |
| Mobile No. | : 8590412242 |
| Classes | : Pre KG, 1-7 |
| Medium | : Malayalam and English |

കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| ആകെ | | | |
| | | | |

# സ്കൂൾ ചരിത്രം

1857-ൽ ശ്രീ ചിന്നൻപിള്ളയാശാൻ തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ പുതിച്ചൽ എന്ന സ്ഥലത്ത് ഒരു ഓലപ്പുരയിൽ ആരംഭിച്ച കുടിപ്പള്ളിക്കൂടമാണ് ഇന്നത്തെ സർക്കാർ അപ്പർ പ്രൈമറി സ്കൂളായി മാറിയത്. പുതുവലുള്ള സ്ഥലമായതിനാലാണ് പുതിച്ചൽ എന്ന പേരുണ്ടായത്. അന്ന് ചിന്നൻ പിള്ളയാശാനോടൊപ്പം ശ്രീ. പോത്തന്നൂർ കുമാരൻപിള്ള, ശ്രീ. വെൺപകൽ കുഞ്ഞൻപിള്ള എന്നിവരും ഇവിടുത്തെ അധ്യാപകരായിരുന്നു.

ചിന്നൻപിള്ളയാശാന്റെ കാലശേഷം ശ്രീ. പോത്തന്നൂർ കുമാരൻപിള്ള തന്റെ വീട്ടുവരാന്തയിലേക്ക് മാറ്റിയ ഈ പാഠശാല തുടർന്ന് ഒൻപത് സെന്റിൽ ഉണ്ടാക്കിയ ഒരു ഓലപ്പുരയിലേക്ക് മാറ്റി. ഇദ്ദേഹം തന്നെയായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകനും മാനേജരും

1920-ൽ നാലാം ക്ലാസ് വരെയുള്ള കുടിപ്പള്ളിക്കൂടമായി മാറി. തുടർന്ന് 1945-ൽ സർ സി.പി.യുടെ നിർബന്ധിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ഒരു ചക്രം കൈപ്പറ്റിക്കൊണ്ട് ഈ വിദ്യാലയം സർക്കാരിന് കൈമാറി. അങ്ങനെ 1947-ൽ ഇതൊരു സർക്കാർ വിദ്യാലയമായി മാറി. അതോടൊപ്പം അഞ്ചാം ക്ലാസും അനുവദിച്ചു.

RAMSONS

1961-ൽ പൊതുജനങ്ങളുടെ സംഘടിത ഫലമായി ശ്രീ. കേശവൻ നാടാർ പ്രധാനാധ്യാപകനായിരിക്കുമ്പോൾ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർന്നു. 1986-ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ പൊതുജനങ്ങൾ 90 ദിവസങ്ങൾ കൊണ്ട് അഞ്ച് മുറികളുള്ള കെട്ടിടം നിർമ്മിച്ചത് അക്കാലത്തിൽ വലിയ വാർത്ത സൃഷ്ടിച്ചിരുന്നു. നിയമസഭാ സാമാജികനും മുൻ മന്ത്രിയുമായിരുന്ന ശ്രീ. പി. ജെ. തങ്കപ്പൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ശ്രീ. ഡോ. സി. എസ്. കുട്ടൻ എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു

ഒരു നൂറ്റാണ്ട് മുമ്പിൽ ബാലരാമപുരത്തിൽ ആരംഭിച്ച ഈ വിദ്യാലയമാണ് ഇന്ന് ആധുനിക സൗകര്യങ്ങളോടും കൂടി പുരോഗതിയുടെ പാതയിലേക്ക് മുന്നേറി കൊണ്ടിരിക്കുന്നത്.

## നേട്ടങ്ങൾ

അക്ഷരദീപ്തിയിൽ 167 വർഷം പിന്നിടുന്ന പുതിച്ചിറ യു.പി. സ്കൂൾ ഇന്ന് മികവിന്റെ പാതയിലാണ്

# വിഷൻ 2025-26

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള ക്ലാസുകളിൽ പഠനത്തിൽ ആധുനിക കാഴ്ചപ്പാടോടെ പ്രവർത്തനങ്ങളും ശിശു കേന്ദ്രീകൃതമാക്കും. പഠനപ്രയാ-സമുള്ള മൂല്യ നിർണ്ണയ പ്രവർത്തനങ്ങളും പരിഹാര ബോധന പ്രവർത്തനങ്ങളും ഒരുക്കും. ആധുനിക ശാസ്ത്രാധിഷ്ഠിത ലോകത്തിൽ ജീവിതാവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും പഠനാന്തരീക്ഷവും ഒരുക്കും. പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്ന തരത്തിൽ ഭൗതികാന്തരീക്ഷത്തിലും ക്ലാസ്റൂം പഠനത്തിലും കാലോചിതമായ മാറ്റങ്ങൾ വരുത്തും. കുട്ടികളുടെ കഴിവ് ബോധം വിവിധ പഠനത്തിൽ ഒരുപോലെ സർഗ്ഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വിദ്യാഭ്യാസം നടപ്പിലാക്കും.

എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരം ലഭിക്കാൻ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന

അധ്യാപനത്തെയും പഠനസമയവും ഉറപ്പുവരുത്തും
അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന്
കൃത്യമായ ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുന്ന-
തിനായി നിരവധി SRG മീറ്റിങ്ങുകൾ ആഴ്ചയിൽ ഒന്നു
വീതം ക്രമീകരിച്ച് മികച്ച പ്രക്രിയാധിഷ്ഠിത പഠനബോധന
തന്ത്രങ്ങൾ ആവിഷ്ക്കരിക്കും. സിലബസ് പ്രകാരം
ക്ലാസുകൾ ആസൂത്രണം ചെയ്യുന്നതിൽ കൂടുതൽ
വ്യക്തതയ്ക്ക് സബ്ജക്ട് കൗൺസിലുകൾ ചേർന്ന്
പഠനാസൂത്രണം നടത്തും.

മലയാളത്തിളക്കം, ഹലോ-ഇംഗ്ലീഷ്, സുരീലി ഹിന്ദി
മികവ് തുടങ്ങിയവയുടെ തുടർ പ്രവർത്തനങ്ങൾ
എല്ലാ ക്ലാസുകളിലേക്കും വ്യാപിക്കും. പിന്നാക്കം
നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ
നൽകി മുഖ്യധാരയിലെത്തിക്കും. ഭിന്നശേഷിയുള്ള
കുട്ടികളെയും മുൻനിരയിലെത്തിക്കുന്നതിന്
റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ
പഠനോപകരണങ്ങൾ നിർമ്മിച്ച് പ്രത്യേക പഠനതന്ത്രങ്ങൾ
ആവിഷ്കരിക്കും.

കാർഷിക സംസ്കാരം പുതിയ തലമുറയിൽ
വളർത്തിയെടുക്കുക. മാലിന്യനിർമാർജനം ഒരു
സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക എന്നി

RAMSONS

ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം, മാലിന്യ സംസ്കരണത്തിലൂടെ ജൈവവള നിർമ്മാണം, പരിസരം ഹരിതാഭമാക്കൽ കൃഷി പരിപോഷണം, ജൈവപാർക്ക്, ഔഷധസസ്യ-ത്തോട്ടം വിപുലീകരണം തുടങ്ങിയവ നടപ്പിലാക്കും. അങ്ങനെ പഠനത്തെ പരിസരബന്ധിയും ജീവഗന്ധിയുമാക്കും.

കുട്ടികളുടെ നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ക്ലാസ് ലൈബ്രറി വിപുലീകരണം നടത്തും. അധ്യാപകരുടെ റഫറൻസിനായുള്ള പുസ്തകങ്ങളുൾപ്പെടുത്തിയ ടീച്ചേഴ്സ് ലൈബ്രറിയും വികസിപ്പിക്കും. ജന്മദിന പുസ്തകശേഖരണം, സമ്മാനപുസ്തകശേഖരണം, പഴയപാഠപുസ്തക ശേഖരണം, 'ഓരോ കുട്ടിക്കും ഒരു ലൈബ്രറി' എന്നിവ പദ്ധതിയായി നടപ്പിലാക്കും. സമീപത്തുള്ള വായനാശാലകളിൽ നിന്നും കുട്ടികളെ അംഗത്വം എടുക്കാനും പുസ്തകങ്ങൾ എടുത്ത് വായിക്കാനും പ്രോത്സാഹിപ്പിക്കും

ലഘുപരീക്ഷണങ്ങൾ, സെമിനാറുകൾ, പ്രോജക്ടുകൾ, ശാസ്ത്രകിറ്റ് നിർമ്മാണം, കൈപ്പുസ്തക നിർമ്മാണം, ട്രിക് ഷോകൾ, ശാസ്ത്രമേളകൾ തുടങ്ങിയവ ഏറ്റെടുത്ത് ചെയ്യുന്നതിന് കുട്ടികളെ സജ്ജരാക്കും. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും.

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കാളികളാക്കും. പ്ലാസ്റ്റിക് രഹിത വിദ്യാലയമാക്കി മാറ്റുന്നതിന്റെ ഭാഗമായി പരിസരത്തും സമൂഹത്തിലുമുള്ള പ്ലാസ്റ്റിക് ശേഖരിച്ച് സീഡ് ക്ലബ്ബിന് നൽകുന്നത് ഇനിയും തുടരും. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ ക്യാമ്പസിൽ സജ്ജീകരിക്കും.

'വിമുക്തി' പോലുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മദ്യം, പുകയില, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ, റാലികൾ, ഫ്ലാഷ് മോബ് തുടങ്ങിയവ

സംഘടിപ്പിക്കും. ഡോക്യുമെന്ററി പ്രദർശനം ഒരുക്കും. സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ സാധ്യത പരമാവധി സാമൂഹിക പങ്കാളിത്തത്തോടെ നിർമ്മാർജ്ജനം ചെയ്യും.

കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള എയ്റോബിക്സ്, കരാട്ടെ, സ്കൗട്ട്, ഗൈഡ് പരിശീലനവും സുംബാ ഡാൻസും പോഷകസമൃദ്ധമായ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും വിതരണം ചെയ്യും

കലാപഠനത്തിനും, പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിനും അനുയോജ്യമായ ഭൗതിക സൗകര്യങ്ങൾ ഉൾപ്പെടുത്തും. ഒറിഗാമി പഠനം, പഠനോപകരണങ്ങളുടെ നിർമ്മാണം, മേളകളിലെ വിവിധ മത്സരങ്ങൾക്കായുള്ള പരിശീലനം. തുടങ്ങിയവയും നൃത്താഭ്യസനം, നാടകക്കളരി, വിവിധ കലകൾ ഉൾക്കൊള്ളുന്ന സ്കിറ്റുകൾ തുടങ്ങിയവയുടെ പരിശീലനവും നൽകും. ഗാന്ധിദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങളായ സോപ്പ് നിർമ്മാണം, ലോഷൻ നിർമ്മാണം, ചന്ദനത്തിരി, മെഴുകുതിരി, ചോക്ക് നിർമ്മാണം

RAMSONS

തുടങ്ങിയവയുടെ പരിശീലനം നൽകും
ദുരിതമനുഭവിക്കുന്ന കുട്ടികളെയും
അവരുടെ കുടുംബത്തെയും സഹായിക്കുന്നതിന്
[illegible] ലഭിക്കുന്ന സഹായങ്ങൾ, PTA, MPTA,
SSG, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ,
വിവിധ ക്ലബ്ബുകൾ. എന്നിവയുടെ സഹകരണം
തുടങ്ങിയവ ഉറപ്പാക്കും.

RAMSONS

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട സമഗ്ര ഗുണമേന്മ ഉറപ്പാക്കേണ്ട എല്ലാ പഠനനേട്ടങ്ങളും ലഭ്യമാക്കുകയും കുട്ടി അവ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടെന്ന് ഉറപ്പ് വരുത്തുക.

* കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ - ക്ലാസ് തല ലൈബ്രറി ശാക്തീകരണം.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് കണ്ടെത്തുകയും, പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക

* പാരിസ്ഥിതിക അവബോധവും മൂല്യബോധവും ശാസ്ത്രബോധവും സ്വാതന്ത്ര്യ ചരിത്രബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ളവരാകാൻ പ്രാപ്തരാക്കുക

* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.

* കൃഷിയോടുള്ള താൽപര്യം ജനിപ്പിക്കുന്നു
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക
* മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ കൂടുതൽ ചെയ്തു വരുന്നു
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുക
* (പ്രഭാത ഭക്ഷണവും, ഉച്ച ഭക്ഷണം എന്നിവ കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക
* സ്വയം ശാക്തീകരണം കുട്ടികളിൽ വളർത്തുന്നതിന് കരാട്ടെ പരിശീലനം തുടരുക
* സ്കൗട്ട് ആന്റ് ഗൈഡ്, എയ്റോബിക് ഡാൻസ്, സുംബ ഡാൻസ് എന്നിവയിലൂടെ കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക

* ആരോഗ്യ - കായിക, കലാ, തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം സാധ്യമാക്കുക
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികളും സ്വായത്തമാക്കുക.

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

ബാലരാമപുരം ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായ പരുത്തിപ്പള്ളി ഗവ. യു.പി സ്കൂളിന് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഇനിയും ആവശ്യമാണ്. വിശാലമായ കളിസ്ഥലം ഉണ്ട് എങ്കിലും മികച്ച രീതിയിൽ ഉപയോഗപ്രദമാക്കാൻ വേണ്ട സജ്ജീകരണങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്. കമ്പ്യൂട്ടർ ലാബിന്റെ നിലവാരം ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം കഴിയുന്നതോടെ അത് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. എല്ലാ യു.പി. ക്ലാസുകളിലും ICT സംവിധാനം സജ്ജമാക്കണം.

മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ അടുക്കളയും CCTV നിരീക്ഷണത്തിലെ സ്കൂൾ കെട്ടിടങ്ങളും. കുട്ടികളുടെ സുരക്ഷ പൂർണ്ണതോതിൽ ഉറപ്പാക്കുന്നു. എന്നാൽ എല്ലാ ക്ലാസ്മുറികളും വാർപ്പ് കെട്ടിടം ആയി മാറിയാൽ സ്കൂളിന്റെ

ഭൗതിക നിലവാരം ഉന്നതമാകും . MLA ഫണ്ട്
ഉപയോഗിച്ച് നിർമ്മിച്ച പുതിയ സ്കൂളിലെ
മന്ദിരം ഉദ്ഘാടനം കാത്ത് ആയിരിക്കുന്നു.
സ്കൂളിന് സ്വന്തമായി ഒരു ഓപ്പൺ
ആഡിറ്റോറിയവും , സ്കൂൾ ബസുകൾ ഒതുക്കി
ഇടാൻ വേണ്ട പാർക്കിംഗ് ഷെഡും അത്യാവശ്യമാണ്.
പുതിയ മന്ദിരം വന്നു എങ്കിലും മുൻവശത്തെ
മുറ്റം ഇന്റർലോക്ക് ചെയ്ത് ഭംഗി വരുത്തേണ്ടതും
മികവാർന്ന കവാടവും ആവശ്യമാണ്.

വർണ്ണക്കൂടാരം പദ്ധതിയുടെ പണി
നടന്നുകൊണ്ടിരിക്കുകയാണ്. ഇത് (പ്രീ-പ്രൈമറി)
തലത്തിലെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം
സാധ്യമാക്കുന്നതാണ്. ഭൗതിക സൗകര്യങ്ങളിലും
പഠനാന്തരീക്ഷത്തിലും പഠന നിലവാരത്തിലും
മെച്ചപ്പെടൽ ഉണ്ടാകുന്നതനുസരിച്ച്,
കുട്ടികളുടെ എണ്ണം ഗണ്യമായി വർധിക്കും
അതിനുള്ള പരിശ്രമങ്ങൾ ഇനിയും
നടത്തേണ്ടതുണ്ട്.